## വഴിവെളിച്ചം

# ദാനം ചെയ്യേണ്ടതെപ്പോൾ?

نْ أَبِى هُرَيْرَةَ رَضِي اللَّهُ عَنْهُ قَالَ : جَاءَ رَجُلٌ إِلَى رَسُولِ اللَّهِ ﷺ فَقَالَ : يَا رَسُولَ اللَّهِ ،
أَيُّ الصَّدَقَةِ أَعْظَمُ أَجْرًا ؟ قَالَ : أَمَا وَأَبِيكَ لَتُنَبَّأَنَّهُ ، أَنْ تَصَدَّقَ وَأَنْتَ صَحِيحٌ شَحِيحٌ ،
تَخْشَى الفَقْرَ ، وَتَأْمُلُ الغِنَى ، وَلَا تُمْهِلْ حَتَى إِذَا بَلَغَتِ الحُلْقُومَ قُلْتَ : لِفُلانٍ كَذَا ،
وَلِفُلانٍ كَذَا ، وَقَدْ كَانَ لِفُلانٍ !

**അബൂഹുറയ്റ(റ)യിൽനിന്ന്: ഒരാൾ പ്രവാചകന്റെ അടുക്കൽ വന്ന് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഏതു ദാനമാണ് ഏറ്റവും കൂടുതൽ പ്രതിഫലാർഹമായിട്ടുള്ളത്?" അവിടുന്ന് പറഞ്ഞു: "നിന്റെ പിതാവ് തന്നെ സത്യം! ഞാൻ പറഞ്ഞുതരാം. നീ ആരോഗ്യമുള്ളവനായിരിക്കുകയും പിശുക്ക് കാണിക്കുന്നവനായിരിക്കുകയും ദാരിദ്ര്യം ഭയക്കുകയും ഐശ്വര്യം കാംക്ഷിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ നീ ചെയ്യുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠകരം. ആത്മാവ് തൊണ്ടക്കുഴിയിലെത്തുന്നതുവരെ നീ ദാനം ചെയ്യാൻ കാത്തുനിൽക്കരുത്. അപ്പോൾ നീ പറഞ്ഞുകൊണ്ടിരിക്കും: 'ഇന്നയാൾക്ക് ഇത്രകൊടുക്കുക; ഇന്നയാൾക്ക് ഇത്ര കൊടുക്കുക' എന്നെല്ലാം! എന്നാൽ അപ്പോഴേക്കും സ്വത്ത് മറ്റുള്ളവന്റേതായിക്കഴിഞ്ഞിട്ടുണ്ടാവും!"***

**സമ്പത്തും** സുഖസൗകര്യങ്ങളും വേണ്ടുവോളമുണ്ടായിട്ടും ദൈവമാർഗത്തിൽ യാതൊന്നും ചെലവഴിക്കാതെ ഒടുവിൽ മരണം തൊണ്ടക്കുഴിയിലെത്തുമ്പോൾ 'ഞാനിതാ എന്റെ സമ്പാദ്യമെല്ലാം ദാനം ചെയ്തിരിക്കുന്നു'വെന്ന് വസ്വിയ്യത്ത് ചെയ്യുന്ന ചിലരുണ്ട്. ജീവിതകാലത്ത് അഗതികളെയും അനാഥകളെയും കണ്ടില്ലെന്ന് നടിച്ചവരായിരിക്കും അവർ. സ്വന്തം സുഖസൗകര്യങ്ങൾക്ക് അമിത പ്രാധാന്യം നൽകുകയും മറ്റുള്ളവരെ അവഗണിക്കുകയും ചെയ്തവർ. ഒടുവിൽ ഇനി ജീവിതമില്ലെന്ന് ബോധ്യമാവുമ്പോൾ സമ്പത്തെല്ലാം അന്യർക്ക് എഴുതിവെക്കാൻ ബദ്ധപ്പാട് കാണിക്കുന്നു! ദൈവപ്രീതി നേടിയെടുക്കാൻ മരണവേളയിലെ ഇത്തരം ചില സത്കർമങ്ങൾ മതിയാവുമെന്ന് അവർ വ്യാമോഹിക്കുന്നു. എന്നാൽ ദാനം ഏറ്റവും ഫലപ്രദമായിത്തീരുക വ്യക്തിയുടെ ആരോഗ്യകാലത്താണെന്നും ആത്മാവ് തൊണ്ടക്കുഴിയിലെത്തുന്ന അവസാന നിമിഷത്തിൽ ചെയ്യുന്ന കർമങ്ങൾ ദൈവസന്നിധിയിൽ പരിഗണനാർഹമല്ലെന്നും ഓർമിപ്പിക്കുകയാണ് ഈ നബിവചനം.

തനിക്ക് ആവശ്യമുള്ളതോടൊപ്പം മറ്റുള്ളവർക്കുകൂടി മാറ്റിവെക്കുന്നവനാണ് സത്യവിശ്വാസി. തന്റെ ആവശ്യം മാറ്റിവെച്ച് സമസൃഷ്ടിയുടെ ആവശ്യം നിർവഹിച്ചുകൊടുക്കുന്നവൻ. സ്വയം വിശക്കുമ്പോഴും സഹോദരന്റെ വിശപ്പ് മാറ്റാൻ പണിയെടുക്കുന്നവൻ. ഖുർആൻ സത്യവിശ്വാസികളെ പരിചയപ്പെടുത്തുന്നത് കാണുക: "തങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ പോലും സ്വന്തത്തേക്കാൾ മറ്റുള്ളവർക്ക് അവർ മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ സങ്കുചിതത്വത്തിൽനിന്ന് മോചിതരായവരാരോ അവർതന്നെയാണ് വിജയം വരിക്കുന്നവർ" (*അൽഹശ്ർ* 9).

തങ്ങളുടെ ആവശ്യങ്ങളെല്ലാം തീർന്നിട്ട് അന്യരെ സഹായിക്കാം എന്ന് കരുതുന്നത് മൗഢ്യമാണ്. മനുഷ്യന്റെ ആവശ്യങ്ങൾ ഒരുകാലത്തും തീരുകയില്ല. മനസ്സിൽ സംതൃപ്തിയുടെ നിറസാന്നിധ്യമില്ലാത്ത വ്യക്തിക്ക് എത്ര കിട്ടിയാലും മതിവരുകയില്ല. "മണ്ണല്ലാതെ മനുഷ്യന്റെ വായ നിറക്കുകയില്ലെ"ന്ന് (ബുഖാരി 6437, മുസ്‌ലിം 1049) പ്രവാചകൻ ഓർമിപ്പിച്ചിട്ടുണ്ട്. അതിനാൽ ദാനം ചെയ്യാൻ വിശ്വാസിക്ക് സ്വന്തം പ്രാരാബ്ധങ്ങൾ തടസ്സമാവാൻ പാടില്ല. 'ധന്യതയിലും ദാരിദ്ര്യത്തിലും തങ്ങളുടെ സമ്പത്ത് വ്യയം ചെയ്തുകൊണ്ടിരിക്കുന്നവർ' (*ആലുഇംറാൻ* 134) എന്നാണ് ഖുർആൻ വിശ്വാസികളെ വിശേഷിപ്പിക്കുന്നത്.

ഹദീസിന്റെ തുടക്കത്തിൽ 'അമാ വ അബീക' എന്നൊരു പ്രയോഗമുണ്ട്. 'നിന്റെ പിതാവ് തന്നെ സത്യം' എന്നാണ് അതിന്റെ അർഥം. അല്ലാഹുവിനെയല്ലാതെ മറ്റൊരാളെയും പിടിച്ചാണയിടാൻ പാടില്ലാത്തതാണ്. പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ലാത്ത വിഷയമാണിത്. എന്നാൽ ഒരാൾ അല്ലാഹുവിനെപ്പോലെ മഹത്വപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയല്ലാതെ വാക്കുകൾക്ക് ഊന്നൽ കിട്ടാൻ ഇത്തരം പ്രയോഗങ്ങൾ നടത്തിയാൽ അത് നിഷിദ്ധവും കുറ്റകരവുമാകുമോ? ആവില്ല എന്നാണ് പണ്ഡിതാഭിപ്രായം. മേൽകൊടുത്ത ഹദീസ് അതിന് തെളിവാണ്.

ഇമാം ഖത്താബി(റ) പറയുന്നു:

"അറബികളുടെ നാവിൽ സർവസാധാരണയായി കടന്നുവരാറുള്ള ഒരു വാക്കാണിത്. സംഭാഷണങ്ങളിൽ ധാരാളമായി അവർ ഇങ്ങനെ ഉപയോഗിക്കാറുണ്ട്. വാക്കുകൾക്ക് ഊന്നൽ കൊടുക്കുക എന്നതാണ് അതുകൊണ്ട് അവർ അർഥമാക്കുന്നത്" (*മുഖ്തസറു സുനനി അബീദാവൂദ് വ മആലിമുസ്സുനൻ*- 1/230).

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബുഖാരി-അദബുൽ മുഫ്റദ് 778, മുസ്‌ലിം 1032, അഹ്മദ് 2/231, നസാഈ 6/237, ഇബ്നുമാജ 2706, അബൂയഅ്ല 6092 തുടങ്ങിയവർ ഈ തിരുവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര 'ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീസ് സ്വീകരണ മാനദണ്ഡങ്ങൾ' പ്രകാരം സ്വഹീഹ് ആണെന്ന് ആദിൽ മുർശിദ്, ശുഐബ് അൽ അർനഊത് എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.